അച്ചടി വകുപ്പിൽ ബയോമെട്രിക് പഞ്ചിംഗ്

204 (3180) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അച്ചടി വകുപ്പിൽ എല്ലാ ജീവനക്കാർക്കും ബയോമെട്രിക് പഞ്ചിംഗ് ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ എന്ന് മുതൽ ഏർപ്പെടുത്തിയെന്ന് വ്യക്തമാക്കാമോ ;

(ബി) ഏതെങ്കിലും ഉദ്യോഗസ്ഥരെ പ്രസ്തുത സംവിധാനത്തിൽനിന്നും ഒഴിവാക്കിയിട്ടുണ്ടോ ; എങ്കിൽ ആരെയെല്ലാം ;

(സി) സെക്യൂരിറ്റി ഉദ്യോഗസ്ഥർക്ക് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അവർക്കും കൂടി പ്രസ്തുത സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ?

(ഇ) അച്ചടി വകുപ്പ് ഡയറക്ടർ, സൂപ്രണ്ട്, ഷിഫ്റ്റ് ഓഫീസർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ലോ ഓഫീസർ, ലേബർ ഓഫീസർ, ഡെപ്യൂട്ടി സൂപ്രണ്ട്, അസിസ്റ്റന്റ് സൂപ്രണ്ട് എന്നിവരുടെ കഴിഞ്ഞ മൂന്ന് മാസത്തെ പഞ്ചിംഗ് രേഖകൾ മേശപ്പുറത്ത് വയ്ക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. 15-4-2012 മുതലാണ് അച്ചടി വകുപ്പിലെ ജീവനക്കാർക്ക് ബയോമെട്രിക് പഞ്ചിംഗ് ഏർപ്പെടുത്തിയത്. ഡെയ്‌ലി വേജസ്, കാഷ്വൽ വർക്കർ, ആർ.ഐ. സെന്റർ വഴി റിക്രൂട്ട് ചെയ്തിട്ടുള്ള ടെയിനീസ് എന്നിവരെ പഞ്ച് ചെയ്യുന്നതിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. ഡയറക്ടർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ലാ ഓഫീസർ, ലേബർ വെൽഫെയർ ഓഫീസർ എന്നിവരുടെ കാര്യത്തിൽ പഞ്ചിംഗ് നിഷ്കർഷിച്ചിട്ടില്ല.

(സി&ഡി) സെക്യൂരിറ്റി ഉദ്യോഗസ്ഥർക്ക് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തുന്നത് പ്രായോഗികമല്ല എന്നതിനാൽ പഞ്ചിംഗ് ഏർപ്പെടുത്തിയിട്ടില്ല.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly